**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6545 — 09.07.2014-ലെ മറുപടിയ്ക്ക്

## സഹകരണ ഓഡിറ്റ് സമകാലികമാക്കാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) സഹകരണ ആഡിറ്റ് വകുപ്പ് എന്നാണ് രൂപീകരിച്ചത്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) 27.5.2008-ലെ ജി.ഒ(എം.എസ്) നം.126/08/സഹ നമ്പർ ഉത്തരവ് പ്രകാരമാണ് സഹകരണ ആഡിറ്റ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ആഡിറ്റ് പ്രവർത്തനങ്ങൾ സ്വതന്ത്രവും കാര്യക്ഷമവും ആധുനികവൽക്കരിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചത്. സഹകരണ സംഘം രജിസ്ട്രാറുടെ പൊതു ഭരണ നിയന്ത്രണത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടറുടെ കീഴിലാണ് പ്രത്യേക ആഡിറ്റ് വിഭാഗം പ്രവർത്തിക്കുന്നത്. |
| (ബി) സഹകരണ ആഡിറ്റ് വകുപ്പ് രൂപീകരിച്ചശേഷം സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ എന്തു നടപടി | (ബി) 16.2.2011-ലെ ജി.ഒ(പി) 25/2011/സഹ, 26/2011/സഹ എന്നീ ഉത്തരവുകൾ പ്രകാരം കേരള സഹകരണ ഓഡിറ്റ് സർവ്വീസ് രൂപീകരിച്ചിട്ടുണ്ടെങ്കിലും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലാണ് സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റും പ്രവർത്തിക്കുന്നത് എന്നതിനാൽ നിലവിലുള്ള കേരള സഹകരണ |

| | | | |
|---|---|---|---|
| | സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | | സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകളാണ് സഹകരണ ആഡിറ്റ് വിഭാഗത്തിന് ബാധകമായിട്ടുള്ളത്. |
| (സി) | സഹകരണ ആഡിറ്റ് സമകാലീനമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | കേരളത്തിലെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമകാലമാക്കുന്നതിന് 2013 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ കുടിശ്ശിക നിവാരണ കർമ്മ പരിപാടി നടപ്പാക്കുകയുണ്ടായി. ഇതിനായി ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള 292 ആഡിറ്റർമാർക്കും 1289 കെ.എസ്.ആർ 156 പ്രകാരം നിയമിതരായ ആഡിറ്റർമാർക്കും പുറമെ ജനറൽ വിഭാഗത്തിൽ നിന്നും 377 ഇൻസ്പെക്ടർമാരുടെയും, സർവ്വീസിൽ നിന്നും വിരമിച്ച ആഡിറ്റർമാരുടെയും സേവനം പ്രയോജനപ്പെടുത്തുകയുണ്ടായി. പ്രസ്തുത പരിപാടി നടപ്പിലാക്കിയതിലൂടെ 17,638 സംഘങ്ങളുടെ 34,461 ആഡിറ്റുകൾ പൂർത്തീകരിച്ച് സമകാലമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ